സംസ്ഥാനത്തെ ഐ. എച്ച്. ഡി. പി. കോളനികൾ

75 [1674] ശ്രീ. പി. എസ്. ശ്രീനിവാസൻ:
,, വി. വി. രാഘവൻ:
,, കൃഷ്ണൻ കണിയാംപറമ്പിൽ:
,, പി. രാജു:
,, കെ. പ്രകാശ് ബാബു:
ശ്രീമതി റോസമ്മ ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് പിന്നോക്കപട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഐ. എച്ച്. ഡി. പി. കോളനികളുണ്ട്;

(ബി) ഐ. എച്ച്. ഡി. പി. കോളനികളിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്;

(സി) ഐ. എച്ച്. ഡി. പി. കോളനിയായി പ്രഖ്യാപിച്ചതിനു ശേഷം എത്രകാലംകൊണ്ടാണ് പ്രസ്തുത കോളനിയുടെ സമഗ്രവികസനം പൂർത്തിയാക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരം എത്ര കോളനികളിൽ സമഗ്രമായ വികസനം പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്ത് ഐ. എച്ച്. ഡി.പി. കോളനികളിൽ പ്രത്യേക പ്രാധാന്യത്തോടെ വികസന പരിപാടികൾ ഏറ്റെടുത്തു നടത്തണമെന്ന് തീരുമാനിച്ചിട്ടും വേണ്ടത്ര പരിഗണന അത്തരം കോളനികൾക്ക് കിട്ടുന്നില്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഇതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ജി) പ്രസ്തുത കോളനികളിലെ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1537 ഐ. എച്ച്. ഡി. പി. കോളനികൾ.

(ബി) ഐ. എച്ച്. ഡി. പി. കോളനികളിൽ പാർപ്പിടം, കുടിവെള്ളം, ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം, തൊഴിൽസൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതോടൊപ്പം കൃഷി, ചെറുകിട ജലസേചനം, മണ്ണ് സംരക്ഷണം, മൃഗസംരക്ഷണം, ഫിഷറീസ്, വ്യവസായം, സഹകരണം, ഗ്രാമവികസനം തുടങ്ങിയ സെക്ടർ വകുപ്പുകളുടെ വികസനപ്രവർത്തനങ്ങളും സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ സാമ്പത്തികോന്നമന പ്രവർത്തനങ്ങളും നടത്തിവരുന്നു.

(സി) പ്രത്യേക സമയപരിധി നിശ്ചയിച്ചിട്ടില്ല.

(ഡി) വികസന പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇത്തരം പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) 'ഇ' ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(ജി) ഇപ്പോഴതന്നെ ഇതിനുള്ള സംവിധാനം നിലവിലുണ്ട്.

ദളിത് ക്രിസ്ത്യാനികളെ പട്ടികജാതി ലിസ്റ്റിൽപ്പെടുത്താൻ നടപടി

76 [1675] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ദളിത് ക്രിസ്ത്യാനികൾ എത്രയുണ്ടെന്നു വ്യക്തമാക്കുമോ:

(ബി) ഇവരെ പട്ടികജാതിയിൽ ഉൾപ്പെടുത്താൻ സംസ്ഥാനം കേന്ദ്രഗവൺമെന്റിനോട് ശുപാർശ ചെയ്തിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ നയം വ്യക്തമാക്കാമോ;

(ഡി) സർക്കാർ അവശക്രിസ്ത്യാനികളെ ഒ. ഇ. സി.-യിൽ ഉൾപ്പെടുത്തി ഉത്തരവിറക്കിയതിന് കാരണം വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കാമോ?

ഉത്തരം

(എ) പട്ടികജാതി പട്ടികവർഗ്ഗക്കാർ ഒഴികെയുള്ള വിഭാഗക്കാരുടെ സമുദായം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

(ബി) പൊതുതാൽപര്യം മുൻനിർത്തി വെളിപ്പെടുത്താനാവില്ല.

(സി) ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് കേന്ദ്ര ഗവൺമെൻറാണ്.

(ഡി) പട്ടികജാതിക്കാർക്ക് സാധാരണഗതിയിൽ ലഭ്യമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഏറെവും പിന്നോക്കം നിൽക്കുന്ന ചില പിന്നോക്കസമുദായക്കാർക്ക് അനുവദിക്കുന്നതിനുള്ള ലിസ്റ്റാണ് ഒ. ഇ. സി. ലിസ്റ്റ്. പട്ടികജാതിക്കാർക്ക് സാധാരണഗതിയിൽ ലഭ്യമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ വളരെ കാലമായി അനുവദിച്ചു കൊടുത്തിരുന്നെങ്കിലും മതപരിവർത്തനം നടത്തിയ പട്ടികജാതിക്കാരെ ഒ. ഇ. സി. ലിസ്റ്റിൽ ചേർത്തിരുന്നില്ല. ഇതു പരിഹരിക്കുന്നതിനായിട്ടാണ് 23-10-1987-ൽ മതപരിവർത്തനം നടത്തിയ പട്ടികജാതിക്കാരെ കൂടി ഒ. ഇ. സി. ലിസ്റ്റിൽ ചേർത്തത്.

ഉത്തരവിന്റെ പ്രതി മേശപ്പുറത്ത് വച്ചിട്ടുണ്ട്†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly